روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

روضة الخطباء

sufaraulislam.com

# ഹജ്ജ് ചെയ്ത പ്രതിഫലം ലഭിക്കാൻ

02/08/2021

بسم الله الرحمن الرحيم

- വിശ്വാസികൾ ജീവിതത്തിലൊരിക്കൽ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്.
- ഇബ്രാഹിം നബി (അ) യോട് അല്ലാഹു കൽപ്പിച്ചത്.

وَأَذِّن فِي النَّاسِ بِالْحَجِّ يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ ﴿٢٧/الحج﴾

- സാധിക്കുന്നവർക്കാണ് നിർബന്ധമാകുന്നത്.
- പരിശുദ്ധ ഹജ്ജ് കർമ്മത്തിന് ചുരുക്കം ചില ആളുകൾക്ക് മാത്രമാണ് ഈ വർഷം അവസരമുള്ളത്.
- സഊദി അറേബ്യക്ക് പുറത്തുള്ള പലർക്കും ഹജ്ജിന് അവസരം ലഭിക്കുന്നില്ല.
- കോവിഡിന്റെ പശ്ചാത്തലത്തിൽ ഏകദേശം അറുപതിനായിരം പേർക്കാണ് സഊദി ഹജ്ജ് മന്ത്രലയം അനുമതി നൽകുന്നത്.
- പലരും പ്രാർത്ഥിക്കുന്ന കാര്യമാണ് അല്ലാഹുവേ, ഹജ്ജ് ചെയ്യാനുള്ള തൌഫീഖ് ഏകണേ എന്ന്. അല്ലാഹു സ്വീകരിക്കട്ടെ. (ആമീൻ)
- ഹജ്ജിന് അവസരം ലഭിക്കുന്നവർക്ക് അല്ലാഹു സ്വീകരിക്കുന്ന ഹജ്ജ് ചെയ്യാനുള്ള സൌഭാഗ്യം നൽകട്ടെ എന്നു പ്രാർത്ഥിക്കുക.
- ഹജ്ജ് കർമ്മത്തിന് വലിയ പ്രതിഫലമാണ് പരലോകത്ത് ലഭിക്കുക.

❖ **ഉമ്മ പ്രസവിച്ച കുഞ്ഞിനെപ്പോലെ...**

قال صلى الله عليه وسلم : مَنْ حَجَّ لِلَّهِ فَلَمْ يَرْفُثْ، وَلَمْ يَفْسُقْ، رَجَعَ كَيَوْمَ وَلَدَتْهُ أُمُّهُ (البخاري)

അല്ലാഹു സ്വീകരിക്കുന്ന ഹജ്ജ് ചെയ്താൽ പാപങ്ങളെല്ലാം പൊറുത്ത് ഉമ്മ പ്രസവിച്ച കുഞ്ഞിനെപ്പോലെ പരിശുദ്ധനാകും.

- മഹത്തായ ഈ പ്രതിഫലം ഹജ്ജ് ചെയ്യാതെത്തന്നെ ലഭിച്ചാലോ?
- ഹജ്ജിന് എല്ലാവർക്കും അവസരം ലഭിക്കാത്ത ഈ സന്ദരഭത്തിൽ ഹജ്ജ് ചെയ്ത പ്രതിഫലം ലഭിക്കുന്ന ചില കർമ്മങ്ങളാണ് ഖുത്തുബയിലൂടെ വിവരിക്കാൻ ആഗ്രഹിക്കുന്നത്.

## 1. നിർബന്ധ നമസ്കാരത്തിന് പള്ളിയിൽ പോയാൽ...

أبو أمامة أن رسول الله صلى الله عليه وسلم قال: مَنْ خَرَجَ مِنْ بَيْتِهِ مُتَطَهِّرًا إِلَى صَلَاةٍ مَكْتُوبَةٍ فَأَجْرُهُ كَأَجْرِ الْحَاجِّ الْمُحْرِمِ، وَمَنْ خَرَجَ إِلَى تَسْبِيحِ الضُّحَى لَا يَنْصِبُهُ إِلَّا إِيَّاهُ فَأَجْرُهُ كَأَجْرِ الْمُعْتَمِرِ، وَصَلَاةٌ عَلَى أَثَرِ صَلَاةٍ لَا لَغْوَ بَيْنَهُمَا كِتَابٌ فِي عِلِّيِّينَ

അബൂഉമാമ (റ) വിൽ നിന്ന്: നബി (സ) പറഞ്ഞു: ആരെങ്കിലും നിർബന്ധ നമസ്കാരം ജമാഅത്തായി നിർവഹിക്കാൻ വേണ്ടി പള്ളിയിലേക്ക് നടന്ന് പോയാൽ അവന് ഹജ്ജ് ചെയ്ത പ്രതിഫലം ഉണ്ട്. ഐച്ഛിക നമസ്കാരത്തിന് നടന്ന് പോയാൽ അവന് ഉംറ നിർവഹിച്ച പ്രതിഫലം ഉണ്ട്. (അഹ്മദ്, അബൂദാവൂദ്, ബൈഹഖി – ശൈഖ് നാസ്വിറുദ്ധീൻ അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു)

- ഒരു നമസ്കാരം ജമാഅത്തായി നിർവഹിച്ചാൽ ഒരു ഹജ്ജ് ചെയ്ത പ്രതിഫലം.....
- അപ്പോൾ അഞ്ച് വഖ്ത്ത് നാം ജമാഅത്തായി നിർവഹിച്ചാലോ? എത്ര സമയം വേണം മഹത്തായ ഈ പ്രതിഫലം നേടിയെടുക്കാൻ ?
- കൂടിയാൽ പതിനഞ്ച് മിനുട്ട്. നഷ്ടപ്പെടുത്താതിരിക്കുക.
- പുരുഷന് പള്ളിയിൽ പോയി നമസ്കരിക്കൽ നിർബന്ധമാണ്. സ്ത്രീകൾക്ക് അനുവദനീയവും.
- വർത്തമാന കാലത്ത് ചില പള്ളികൾ അടഞ്ഞു കിടക്കുകയാണ്. പള്ളികൾ തുറക്കുന്ന സഹചര്യം വരുമ്പോൾ ജമാഅത്ത് നമസ്കാരം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക.
- നമ്മുടെ നാട്ടിലെ പള്ളികൾ അടഞ്ഞു കിടക്കുകയാണെങ്കിൽ വീടുകളിൽ കൃത്യമായി ജമാഅത്ത് നമസ്കാരം നിർവഹിക്കുന്നവരാവുക.

## 2. സുബ്ഹി നമസ്കരിച്ച് സൂര്യോദയം വരെ....

عن أنس بن مالك أن رسول الله صلى الله عليه وسلم قال: مَنْ صَلَّى الْفَجْرَ فِي جَمَاعَةٍ، ثُمَّ قَعَدَ يَذْكُرُ اللَّهَ حَتَّى تَطْلُعَ الشَّمْسُ، ثُمَّ صَلَّى رَكْعَتَيْنِ، كَانَتْ لَهُ كَأَجْرِ حَجَّةٍ وَعُمْرَةٍ، قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم : «تَامَّةٍ، تَامَّةٍ، تَامَّةٍ

അനസ് (റ) വിൽ നിന്ന്: നബി (സ) പറഞ്ഞു : ഒരുത്തൻ സുബ്ഹി ജമാഅത്തായി നിർവഹിക്കുകയും സൂര്യൻ ഉദിക്കുന്നത് വരെ ദിക്റുകളുമായി പള്ളിയിൽ കഴിച്ച് കൂട്ടിയ ശേഷം രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് ഹജ്ജും ഉംറയും ചെയ്ത പ്രതിഫലം ഉണ്ട്. (തിർമുദി)

- എത്ര മണിക്കൂർ വേണം? കൂടിയാൽ രണ്ട് മണിക്കൂർ അല്ലേ? ഈ ചെറിയ സമയം കൊണ്ട് നമ്മെ കാത്തിരിക്കുന്നതോ? ഹജ്ജും ഉംറയും നിർവഹിച്ച പ്രതിഫലം

## 3. പള്ളിയിൽ വെച്ച് നന്മ പഠിക്കുക, പഠിപ്പിക്കുക

أبو أمامة أن رسول الله – صلى الله عليه وسلم قال: من غدا إِلَى الْمَسْجِد لَا يُرِيد إِلَّا أَن يتَعَلَّم خيرا أَو يُعلمهُ كَانَ لَهُ كَأجر حَاج تَاما حجَّته(أخرجه الطبراني)

അബൂഉമാമയിൽ നിന്ന് – നബി (സ) പറഞ്ഞു: ഒരാൾ പള്ളിയിലേക്ക് പുറപ്പെട്ടു. ഒരു നന്മ പഠിക്കുകയോ പഠിപ്പിക്കുകയോ അല്ലാതെ മറ്റൊരു ഉദ്ദേശ്യവും അയാൾക്കില്ല.

എങ്കിൽ അവന് പൂർണമായ ഒരു ഹജ്ജിന്റെ പ്രതിഫലം ഉണ്ട്. (ത്വബ്റാനി, ശൈഖ് അൽബാനി ഹസനും സ്വഹീഹുമാണെന്ന് പറഞ്ഞിട്ടുണ്ട്)

- പള്ളിയിൽ ക്വുർആൻ പഠിക്കാനോ പഠിപ്പിക്കാനോ ജുമുഅ ഖുത്തുബ പറയാനോ കേൾക്കാനോ പഠന ക്ലാസ് എടുക്കാനോ ശ്രവിക്കാനോ പോയി എങ്കിൽ മടങ്ങുന്നത് ഒരു പൂർണമായ ഹജ്ജിന്റെ പ്രതിഫലവുമായിട്ടാണ്..
- അറിവില്ലായ്മ കൊണ്ടും അശ്രദ്ധ കൊണ്ടും ഇത്തരം നന്മകളെ നഷ്ടപ്പെടുത്തി കളയാതിരിക്കുക.

## 4. നമസ്കാര ശേഷം ചില ദിക്റുകൾ

നിർബന്ധ നമസ്കാര ശേഷം നബി (സ്വ) ചില ദിക്റുകളും പ്രാർത്ഥനകളും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അതിലെ ഏതാനും ദീക്റുകൾ നിർവഹിച്ചാൽ ഹജ്ജ് ചെയ്ത പ്രതിഫലം ലഭിക്കുമെന്ന് ഹദീസിൽ നിന്ന് മനസ്സിലാക്കാം.

عن أبي هريرة : جاءَ الفُقَراءُ إلى النبيِّ ﷺ، فقالوا: ذَهَبَ أهْلُ الدُّثُورِ مِنَ الأمْوالِ بالدَّرَجاتِ العُلا، والنَّعِيمِ المُقِيمِ يُصَلُّونَ كما نُصَلِّي، ويَصُومُونَ كما نَصُومُ، ولَهُمْ فَضْلٌ مِن أمْوالٍ يَحُجُّونَ بها، ويَعْتَمِرُونَ، ويُجاهِدُونَ، ويَتَصَدَّقُونَ، قالَ: ألا أُحَدِّثُكُمْ إنْ أخَذْتُمْ أدْرَكْتُمْ مَن سَبَقَكُمْ ولَمْ يُدْرِكْكُمْ أحَدٌ بَعْدَكُمْ، وكُنْتُمْ خَيْرَ مَن أنتُمْ بيْنَ ظَهْرانَيْهِ إلّا مَن عَمِلَ مِثْلَهُ تُسَبِّحُونَ وتَحْمَدُونَ وتُكَبِّرُونَ خَلْفَ كُلِّ صَلاةٍ ثَلاثًا وثَلاثِينَ، فاخْتَلَفْنا بيْنَنا، فقالَ بَعْضُنا: نُسَبِّحُ ثَلاثًا وثَلاثِينَ، ونَحْمَدُ ثَلاثًا وثَلاثِينَ، ونُكَبِّرُ أرْبَعًا وثَلاثِينَ، فَرَجَعْتُ إلَيْهِ، فقالَ: تَقُولُ: سُبْحانَ اللَّهِ، والحَمْدُ لِلَّهِ، واللَّهُ أكْبَرُ، حتّى يَكونَ منهنَّ كُلِّهِنَّ ثَلاثًا وثَلاثِينَ.

നബി (സ്വ) യുടെ അടുക്കൽ പാവപ്പെട്ട ചിലർ വന്ന് പറഞ്ഞു സമ്പന്നരായ ആളുകൾ അവർ ഞങ്ങളെപ്പോലെ നമസ്കരിക്കുന്നു, നോമ്പ് നോൽക്കുന്നു.എന്നാൽ അവർക്ക് സമ്പത്തിൽ ഞങ്ങളെക്കാൾ ശ്രേഷ്ഠത ലഭിച്ചതു കൊണ്ട് അവർ ഹജ്ജ് ചെയ്തും ഉംറ നിർഹിച്ചും ദാന ധർമ്മങ്ങൾ ചെയ്തും പ്രതിഫലം നേടുകയാണ്. ഈ ആവശ്യം ഉന്നയിച്ച ആളുകളോട് നബി (സ്വ) പറഞ്ഞത് അവരുടെ ഹജ്ജ് , ഉംറ, സ്വദഖ പോലുള്ള പ്രതിഫലം നിങ്ങൾക്കും നേടിയെടുക്കാൻ എല്ലാ നിർബന്ധ നമസ്കാരങ്ങളുടെയും ശേഷം തക്ബീറും (അല്ലാഹു അക്ബർ) ത്ഹമീദും (അൽഹംദുലില്ലാഹ്) തസ്ബീഹും (സുബ്ഹാനല്ലാഹ്) എന്നിവ മുപ്പത്തിമൂന്ന് തവണ ചൊല്ലുക, (ബുഖാരി, മുസ്ലിം)

## 5. ഒരു ഹാജിയെ യാത്രക്ക് സജ്ജമാക്കിയാൽ

عن زيد بن خالد الجهني :مَن جهَّز غازيًا أو فطَّر صائمًا أو جهَّز حاجًّا كان له مِثْلُ أجرِه مِن غيرِ أنْ ينقُصَ مِن أجرِه شيئًا (الطبراني)

ആരെങ്കിലും ഒരു യോദ്ധാവിനെ സജ്ജമാക്കി, അല്ലെങ്കിൽ ഒരു ഹാജിയെ സജ്ജമാക്കി, അല്ലെങ്കിൽ അവന്റെ കുടുംബത്തിൽ പിൻഗാമിയായി, (അവന്റെ കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുത്തു) അല്ലെങ്കിൽ ഒരു നോമ്പുകാരനെ നോമ്പ് തുറപ്പിച്ചു. എങ്കിൽ അവന് അവരുടെ പ്രതിഫലത്തിൽ നിന്ന് ഒട്ടും കുറയാതെ അതെ പ്രതിഫലം ഉണ്ട്. (ത്വബ്റാനി, ഇബ്നു ഖുസൈമ, നസാഈ- അൽബാനി സ്വഹീഹെന്ന രേഖപ്പെടുത്തി)

- ഹജ്ജിന് പോകാൻ കഴിയാത്തവർ ആഗ്രഹിക്കുന്നവരെയും പോകാൻ ഒരുങ്ങിയവരെയും സഹായിക്കുക അവരുടെ പ്രതിഫലം അവർക്ക് നഷ്ടപ്പെടാതെ നമുക്കും ലഭിക്കും.

## 6. റമദാനിലെ ഉംറ

عن أنس بن مالك :عُمرةٌ في رمضانَ تعدِلُ حَجَّةً (البخاري)

ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നബി (സ്വ) പറഞ്ഞു – റമദാനിലെ ഉംറ ഹജ്ജിന് തുല്യമാണ്.

- സാധിക്കുന്നവർ ഈ അവസരം ഉപയോഗിക്കുക
- ഉംറ പ്ലാൻ ചെയ്യുന്നവർ റമദാനിൽ പ്ലാൻ ചെയ്യുക.
- പ്രവാസ ലോകത്തുള്ളവർ റമദാനിൽ ഉംറക്ക് അവസരം ഉണ്ടാക്കുക.

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത പേരും സ്ഥലവും ചേർത്ത വാട്സാപ്പ് മെസേജ് അയക്കുക.
മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.